പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3175.

11.12.2014 -ൽ മറുപടിക്ക് നൽകേണ്ടിയിരുന്നത്.

## ഉപഭോക്തൃ തർക്ക പരിഹാര ഫോറം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ഇ. ചന്ദ്രശേഖരൻ. | | ശ്രീ.അനൂപ് ജേക്കബ്<br>(ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര ഫോറം പ്രസിഡന്റ്, അംഗങ്ങൾ എന്നിവരുടെ നിയമനത്തിനുള്ള യോഗ്യതാമാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും അവർക്ക് ലഭ്യമായി കൊണ്ടിരിക്കുന്ന വേതനം, മറ്റ് ആനുകൂല്യങ്ങൾ എന്തൊക്കെ യാണെന്നും വിശദമാക്കാമോ ; | (എ) & (ബി) | ഹൈക്കോടതി ജഡ്ജിയായിരിക്കുന്നതോ ആയിരുന്നതോ ആയവരെയാണ് സംസ്ഥാന ഉപഭോക്തൃ കമ്മീഷൻ പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് നിയമിക്കുന്നത്. ഇതിനുപുറമേ ഒരു ജുഡീഷ്യൽ മെമ്പറും ഒരു വനിത ഉൾപ്പെടെ മൂന്ന് മെമ്പർമാരുമാണ് സംസ്ഥാന കമ്മീഷനിൽ ഉള്ളത്. ജുഡീഷ്യൽ മെമ്പർക്ക് ജില്ലാതല കോടതികളിലോ ട്രൈബ്യൂണലിലോ 10 വർഷത്തിൽ കുറയാതെ പ്രിസൈഡിംഗ് ഓഫീസറായി സേവനമനുഷ്ഠിച്ചുള്ള പരിചയം അനിവാര്യമാണ്.<br><br>ജില്ലാ ഉപഭോക്തൃഫോറങ്ങളിൽ ജില്ലാ ജഡ്ജിയായി പ്രവർത്തിക്കുന്നവരേയോ, പ്രവർത്തിച്ചിരുന്നവരേയോ ജില്ലാ ജഡ്ജിയായി നിയമിക്കപ്പെടാൻ യോഗ്യതയുള്ളവരേയോ, പ്രസിഡന്റുമാരായി നിയമിക്കുന്നു. സംസ്ഥാന കമ്മീഷനിലും, ഫോറങ്ങളിലും മെമ്പർമാരായി നിയമിക്കപ്പെടുന്നവർ 35 വയസ്സ് തികഞ്ഞവരും അംഗീകൃത യൂണിവേഴ്സിറ്റി ബിരുദം, സാമൂഹിക, സാമ്പത്തിക, വ്യവസായിക മേഖലകളിൽ ഏതിലെങ്കിലും 10 വർഷത്തിൽ കുറയാതെ പ്രവൃത്തിപരിചയം എന്നിവ ഉള്ളവരും ആയിരിക്കണം.<br><br>സംസ്ഥാന കമ്മീഷൻ പ്രസിഡന്റിന്റേയും, ജുഡീഷ്യൽ മെമ്പറുടെയും, മറ്റംഗങ്ങളുടേയും ജില്ലാ ഫോറം പ്രസിഡന്റുമാരുടേയും മെമ്പർമാരുടേയും വേതനം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു: |
| (ബി) | ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറം പ്രസിഡന്റ്, അംഗങ്ങൾ എന്നിവരുടെ നിയമനത്തിനുള്ള യോഗ്യതാ മാനദണ്ഡങ്ങളും, അവർക്ക് അനുവദിച്ചിട്ടുള്ള വേതനം, മറ്റ് ആനുകൂല്യങ്ങൾ എന്നിവ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ; | | |

| തസ്തിക | ശമ്പളം | ഡി.എ | എച്ച് ആർ എ | സി സി എ | [illegible] | ആകെ |
|---|---|---|---|---|---|---|
| പ്രസിഡന്റ് (സംസ്ഥാന കമ്മീഷൻ) | 40,000 | 80,000 | 24,000 | 180 | 12,000 | 1,56,180 |
| ജുഡീഷ്യൽ മെമ്പർ (സംസ്ഥാന കമ്മീഷൻ) | 37,455 | 74,910 | 1,680 | 350 | 4,100 | 1,18,495 |
| മെമ്പർ (സംസ്ഥാന കമ്മീഷൻ) | 28,500 | - | - | - | 8,500 | 37,000 |
| പ്രസിഡന്റ് (ജില്ലാ ഫോറം) | 51,550 | 55,159 | 1,680 | 350 | 4,100 | 1,12,839 |
| മെമ്പർ (ജില്ലാ ഫോറം) | 23,500 | - | - | - | 8,500 | 32,000 |

| | | | |
|---|---|---|---|
| (സി) | ഫോറം പ്രസിഡന്റിനും അംഗങ്ങൾക്കും നിയമനത്തിന് തുല്യ യോഗ്യതകളാണോ സ്വീകരിക്കുന്നത്; | (സി) & (ഡി) | 1986 - ലെ ഉപഭോക്തൃ സംരക്ഷണ നിയമം വകുപ്പ് 10 (1)(a)(b) ഫോറം പ്രസിഡന്റിനും അംഗങ്ങൾക്കും വ്യത്യസ്ത യോഗ്യതാ മാനദണ്ഡങ്ങളാണ് അനുശാസിക്കുന്നത്. |
| (ഡി) | ആണെങ്കിൽ ഒരേ ജോലി ചെയ്യുന്നവർക്ക് വേതനത്തിലുള്ള ഭീമമായ അന്തരം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; | | |
| (ഇ) | നിയമിതരാകുന്നവർക്ക് കാലാവധിക്ക് ശേഷം ജില്ലാ കോടതികളിലും കീഴ്ക്കോടതികളിലും പ്രാക്ടീസ് ചെയ്യാൻ പാടില്ല എന്ന തീരുമാനമോ ഉത്തരവുകളോ ഉണ്ടോ? ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ ; | (ഇ) | സിവിൽ കോടതി ചട്ടപ്രകാരവും ബാർ കൌൺസിൽ തീരുമാനത്തിന വിധേയമായുമാണ് പ്രാക്ടീസ് സംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നത്. ഇതുമായി ബന്ധപ്പെട്ട ഉത്തരവുകൾ ഒന്നുംതന്നെ ഉപഭോക്തൃകാര്യ വകുപ്പിൽ നിന്ന് പുറപ്പെടുവിച്ചിട്ടില്ല. |
| (എഫ്) | കാലാവധി പൂർത്തിയാക്കിയ അംഗങ്ങൾക്ക് പെൻഷൻ നൽകാനുള്ള നടപടികൾ സ്വീകരിക്കുമോ ; | (എഫ്) | ഇപ്പോൾ പരിഗണനയിലില്ല. |
| (ജി) | ജില്ലാ ഫോറത്തിലെ അംഗങ്ങൾക്ക് വേതന വർദ്ധനവിനായി എന്തെങ്കിലും നിർദ്ദേശങ്ങൾ ദേശീയ ഉപഭോക്തൃ ഫോറം നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ജി) | ദേശീയ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ മാർച്ച് 2013 -ൽ പാസ്സാക്കിയ പ്രമേയത്തിൽ ഉപഭോക്തൃഫോറം അംഗങ്ങൾക്ക് കേന്ദ്രഗവൺമെന്റ് ഡയറക്ടർക്ക് തുല്യമായ വേതനം അനുവദിക്കണമെന്നും ആയത് തീരുമാനമാകും വരെ ആന്ധ്രാപ്രദേശ്, കേരള, ഹരിയാന ഇടങ്ങിയ സംസ്ഥാനങ്ങളിലെ രീതി പിൻതുടർന്നാൽ മതിയെന്നും നിർദ്ദേശിച്ചിട്ടുണ്ട്. |

[signature]

സെക്ഷൻ ഓഫീസർ.